മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും

86 [413] ശ്രീ. കെ. പി. വിശ്വനാഥൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" ജോർജ്ജ് ജെ. മാത്യു:
" വി. ഡി. സതീശൻ:
" ടി. എൻ. പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫിഷറീസ് കോളേജുവഴി ഏതെല്ലാം തരത്തിലുള്ള മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവുമാണ് നടത്തുന്നത്;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈ ഇനങ്ങളിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തവകയിൽ എന്ത് തുക ലഭിച്ചു;

(സി) ഫിഷറീസ് കോളേജിന്റെ ഈ രംഗത്തുള്ള പ്രവർത്തനം വഴി സംസ്ഥാന മീൻ വളർത്തൽ രംഗത്ത് എന്തു പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദേശീയ അലങ്കാര മത്സ്യയിനങ്ങളായ പ്ലാറ്റി, സ്കോർഡ്, ടെയിൽ, മോളി, പേൾ ഗൗരാമി, ബ്ലൂ ഗൗരാമി, സക്കർ ക്യാറ്റ്ഫിഷ് എന്നിവയും കൊടിപ്പരൽ, കല്ലുരുട്ടി, കറ്റോപ്ര, കോയ്മ തുടങ്ങിയ നമ്മുടെ തനതായ അലങ്കാര മത്സ്യയിനങ്ങളും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

(ബി) 'ഏൺവൈൽ യു ലേൺ' എന്ന പദ്ധതിയിലൂടെ ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 4,49,120 രൂപ (നാലു ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി ഒരുനൂറ്റി ഇരുപതു രൂപ) ലഭിച്ചിട്ടുണ്ട്.

(സി) അലങ്കാര മത്സ്യങ്ങളുടെ വിത്തുൽപ്പാദനത്തിനുള്ള സാങ്കേതികവിദ്യ കൃഷിക്കാരിലെത്തിക്കാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും മറ്റ് വിജ്ഞാന വ്യാപനരീതികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫിഷറീസ് കോളേജിൽ വികസിപ്പിച്ചെടുത്ത ആറ്റുകൊഞ്ചിന്റെ ഹാച്ചറി ടെക്നോളജി ഇന്ത്യയിൽ കൊഞ്ചുകൃഷിക്ക് തുടക്കം കുറിച്ചു. കർണ്ണാടക, ഗുജറാത്ത് സർക്കാരുകളുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റുകൾ നിർമ്മിച്ചുവരുന്ന ആറ്റുകൊഞ്ചു ഹാച്ചറികളുടെ ഔദ്യോഗിക കൺസൾട്ടൻസിയായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫിഷറീസ് കോളേജിനെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly